പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4378 — 19.10.2011-ൽ മറുപടിയ്ക്ക്

അന്യസംസ്ഥാന പഴം-പച്ചക്കറികളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മഞ്ഞളാംകുഴി അലി : | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന പഴം, പച്ചക്കറി എന്നിവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;<br>(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ)<br>(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പഴം പച്ചക്കറി എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുവാൻ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വിപണിയിൽ ലഭ്യമായിട്ടുള്ള എല്ലാത്തരം പഴം, പച്ചക്കറികളുടെയും സാമ്പിളുകൾ ഫുഡ് ഇൻസ്പെക്ടർ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഗവ: അനലറ്റിക്കൽ ലാബുകളിൽ പരിശോധിച്ച് നിയമം നിഷ്കർഷിക്കുന്ന പരിധിക്ക് മുകളിൽ കീടനാശിനി പ്രയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാറുണ്ട്.<br>കൂടാതെ പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള അവശിഷ്ട വിഷാംശത്തിന്റെ പരിശോധന കേരള കാർഷിക സർവ്വകലാശാലയും നടത്തിവരുന്നുണ്ട്. |
| (സി) സംസ്ഥാനത്ത് വില്പന നടത്തുന്ന പഴം-പച്ചക്കറികളിൽ മാരകമായ രാസവസ്തുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. സംസ്ഥാനത്ത് 2010-11 സാമ്പത്തിക വർഷത്തിൽ 87 പഴം പച്ചക്കറി സാമ്പിളുകൾ പരിശോധിച്ചതിൽ ഒരെണ്ണത്തിലും, 2011-12 ഇതുവരെ 43 സാമ്പിളുകൾ |

പരിശോധിച്ചതിൽ 3 എണ്ണത്തിലും കാർബൈഡ് ഗ്യാസ് ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | അധികദിവസം കേടുകൂടാതിരിക്കുന്നതിനായി ഇവയിൽ കാർബൈഡ് പോലുള്ള രാസവസ്തുക്കൾ ധാരാളമായി ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നു വിലയിരുത്തിയിട്ടുണ്ടോ ; | (ഡി) | കാർബൈഡ് ഉപയോഗിച്ച് പഴങ്ങൾ പഴുപ്പിക്കുന്നത് നിയമം മൂലം നിരോധിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് (പ്രൊഹിബിഷൻ ആന്റ് റസ്ട്രിക്ഷൻ ഓൺ സെയിൽസ്) റഗുലേഷൻ 2011 ലെ റഗുലേഷൻ 2.3.5 പ്രകാരം കാർബൈഡ് ഗ്യാസ് ഉപയോഗിച്ച് പഴങ്ങൾ പഴുപ്പിച്ച് വിൽപ്പന നടത്തുവാൻ പാടില്ല. |
| (ഇ) | അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പഴം, പച്ചക്കറി എന്നിവ അതിർത്തിയിൽ വച്ചു തന്നെ പരിശോധിക്കാനും വിഷാംശങ്ങളും രാസവസ്തുക്കളും ഉപയോഗിച്ചിട്ടുള്ളവയെ തിരിച്ചയയ്ക്കുവാനും നടപടി സ്വീകരിക്കുമോ ? | (ഇ) | നിലവിൽ സംവിധാനമില്ല. എന്നാൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ മൊബൈൽ ലാബുകൾ സജ്ജമാക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. തുടർന്ന് ഇത്തരത്തിലുള്ള ക്രമീകരണം ഏർപ്പെടുത്താവുന്നതാണ്. |

R. R. Baiju

സെക്ഷൻ ഓഫീസർ